പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5144** **28.10.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. മുഖേന കൊറിയർ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>" പി.കെ. ശശി<br>" കെ. കെ. രാമചന്ദ്രൻ നായർ<br>" യു. ആർ. പ്രദീപ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിൽ പുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്. ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി ബസുകൾ കംപ്രസ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ ചിലവ് കുറക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. |
| (ബി) | ഇതിന്റെ ഭാഗമായി നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കൊറിയർ സർവ്വീസ് ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കൊറിയർ സർവ്വീസ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇൻഡ്യൻ തപാൽ വകുപ്പ് തപാൽ നിരക്കുകളും പാഴ്സൽ നിരക്കുകളും കുത്തനെ കൂട്ടുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കൊറിയർ സർവ്വീസുകാർ ഇതിന്റെ പ്രയോജനം മുതലെടുക്കാൻ സാധ്യതയുള്ളതിനാൽ അതിന് മുമ്പായി ഓഫീസ് കെട്ടിട സൗകര്യങ്ങളും ജീവനക്കാരുടെ സേവനവും ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ കൊറിയർ-പാഴ്സൽ സർവ്വീസുകൾ ആരംഭിച്ച് ലാഭകരമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ ട്രാക്കോൺ കൊറിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ലാഭവിഹിതം പങ്ക് വയ്ക്കുന്ന തരത്തിൽ അഞ്ചു വർഷ കാലത്തേക്ക് കൊറിയർ സർവ്വീസ് നടത്തുവാൻ കരാർ ഉണ്ടാക്കിയിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ.ടി.സി.ക്ക് തൽക്കാലം പ്രത്യേക കൊറിയർ സർവ്വീസ് നടത്തുവാൻ സാധിക്കുകയില്ല. നിലവിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ടി കമ്പനിക്ക് വരുമാനം വർദ്ധിക്കുന്നതിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.ക്കും അധിക വരുമാനം ലഭിക്കും. |

സെക്ഷൻ ഓഫീസർ